**പതിനാലാം കേരള നിയമസഭ**
**15-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2052** **13.06.2019-ൽ മറുപടിയ്ക്ക്**

**പാലോട് മാലിന്യപ്ലാൻറ് നിർമ്മാണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ : | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പാലോട് മാലിന്യപ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) അനുമതി നല്കിയിട്ടില്ല. |
| (ബി) പ്രസ്തുത മാലിന്യപ്ലാന്റ് സ്ഥാപിക്കുന്നതിന് വനം വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കാനുദേശിക്കുന്ന സ്ഥലം വനം വകുപ്പ് ഭൂമിയല്ല. എന്നാല് ടി പ്രദേശത്തേക്ക് പോകുന്ന റോഡ് വനപ്രദേശത്തു കൂടി ആയതിനാല് ടി പദ്ധതി വന്യജീവികളുടെ സൈ്വരവിഹാരത്തിനും, ആവാസ-വ്യവസ്ഥക്കും കോട്ടം വരുമെന്നതിനാല്. വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത മാലിന്യപ്ലാന്റ് സ്ഥാപിക്കുന്നത്തിനുവേണ്ടി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നൽകുമോ; | (സി) പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. ആയത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ keralapcb.nic.in എന്ന website ൽ Public Hearings എന്ന തലക്കെട്ടിൽ ലഭ്യമാണ്. |
| (ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോ, എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary
E mail: ms.kspcb@gov.in FAX: 0471 – 2318134, 2318152 web www.keralapcb.nic.in
KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

പിസിബി/എച്ച്ഒ/റ്റിവിഎം/ഐസിഇ/686/2012 തീയതി: 30/11/2018

KERALA STATE POLLUTION CONTROL BOARD THIRUVANANTHAPURAM
05 DEC 2018
DESPATCHED

പ്രേഷകൻ

മെമ്പർ സെക്രട്ടറി

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
പരിസ്ഥിതി (ബി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

വിഷയം: പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്ക്കരണ പ്ലാന്റിന് എതിരെയുള്ള പരാതി സംബന്ധിച്ച്.

സൂചന: 07/09/2018 തീയതിയിലെ പരി. ബി2/183/2018 - പരി. നമ്പർ സർക്കാർ കത്ത്.

സർ,

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പാലോട് സ്ഥാപിക്കുനുദ്ദേശിക്കുന്ന പൊതുബയോമെഡിക്കൽ മാലിന്യ സംസ്ക്കരണ പ്ലാന്റിനെതിരെ പെരിങ്ങമ്മല പരിസ്ഥിതി സംരക്ഷണ സമിതി നൽകിയ നിവേദനത്തിൻമേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചുകൊള്ളുന്നു.

ടി പ്ലാന്റിനുള്ള സ്ഥാപനാനുമതി ബോർഡിൽ നിന്നും 06/12/2012 ലെ PCB/HO/TVM/ICE/07/2012 നമ്പർ പ്രകാരം നൽകിയിട്ടുള്ളതാണ്. ടി സ്ഥാപനാനുമതി നൽകിയത് റെഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ്. എന്നാൽ 05/10/2017 ലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം പൊതു ബയോമെഡിക്കൽ ട്രീറ്റ്മെന്റ് സംവിധാനം (പാഴ്ജലം പുനർചംക്രമണ

പുനരുപയോഗിക്കുകയും ഇൻസിനറേറ്ററിൽ പര്യാപ്തമായ പാഴ് വായു മലിനീകരണ നിയന്ത്രണ സംവിധാനം) - Dry Process ഏർപ്പെടുത്തുന്നവയെ ഓറഞ്ച് കാറ്റഗറിയിൽ ഉൾപ്പെടുത്തുകയുണ്ടായി. ടി സ്ഥാപനാനുമതിയുടെ കാലാവധി 31/05/2015 വരെയായിരുന്നതിനാൽ 10/03/2015 ന് സ്ഥാപനാനുമതി പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് യുണിറ്റ് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് Ecologically Sensitive Area -യിൽ ഉൾപ്പെടുന്നതിനാൽ എൻവയോൺമെന്റൽ ക്ലിയറൻസ് കൂടാതെ സ്ഥാപനാനുമതി പുതുക്കി നൽകിയിരുന്നില്ല. എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കുന്നതിന്റെ മുന്നോടിയായി Public Hearing നടത്താൻ 09/11/2017 ൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ Public Hearing നടത്താൻ തീരുമാനിക്കുകയും 22/12/2017 ൽ കുടപ്പനക്കുന്ന്, കളക്ടറേറ്റ് ഹാളിൽ വച്ച് ഉച്ച തിരിഞ്ഞ് 3.00 മണിക്ക് ആയത് നടത്തുകയും ചെയ്തു. എന്നാൽ ടി ഹിയറിംഗിൽ പ്രദേശവാസികൾക്ക് എല്ലാം പങ്കെടുക്കാൻ കഴിഞ്ഞില്ല എന്ന പരാതി ഉണ്ടായതിനാൽ 03/01/2018 ന് 3.00 മണിക്ക് പെരിങ്ങമ്മല പഞ്ചായത്ത് ഹാളിൽ വച്ച് ടി പൊതു തെളിവെടുപ്പ് വീണ്ടും നടത്തുകയുണ്ടായി. പ്രസ്തുത പബ്ലിക് ഹിയറിംഗുകളുടെ മിനിട്ട്സ് SEIAA ക്ക് സമർപ്പിച്ചിട്ടുണ്ട്. എൻവയോൺമെന്റൽ ക്ലിയറൻസുമായി ബന്ധപ്പെട്ട് SEIAA സ്വീകരിക്കുന്ന നടപടിയുടെ അടിസ്ഥാനത്തിൽ ബോർഡിൽ നിന്നും തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

മെമ്പർ സെക്രട്ടറി (i/c)

O/C